ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തിന് അഭിമാനമായി ¬ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുഭാൻശു ശുക്ല. ആക്സിയം-4 ദൗത്യത്തിൻറെ ആദ്യ ഘട്ടം വിജയം.

   **Indian astronaut Shubanshu Shukla brings pride to the nation as the first phase of the Axiom-4 mission becomes successful.**

2. രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ട് അരനൂറ്റാണ്ട്. അടിയന്തരാവസ്ഥയ്ക്കെതിരെയുള്ള പോരാട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പങ്കിനെക്കുറിച്ചുള്ള പുസ്തകം കേന്ദ്രമന്ത്രി അമിത് ഷാ പ്രകാശനം ചെയ്തു.

   **Half century since the Emergency was declared in the country. Union Minister Amit Shah released a book on Prime Minister Narendra Modi's role in the fight against the Emergency.**

3. പൂനെ മെട്രോ റെയിൽ പദ്ധതി രണ്ടാം ഘട്ട വികസനത്തിന് കേന്ദ്രമന്ത്രിസഭാ അംഗീകാരം. ജാർഖണ്ഡിലെ ഝരിയ കൽക്കരിപ്പാടത്തിൻറെ പുനരുദ്ധാരണത്തിനുള്ള പുതുക്കിയ മാസ്റ്റർ പ്ലാനിനും അനുമതി -

   **The Union Cabinet has approved the second phase of the Pune Metro Rail Project. It has also approved the revised master plan for the rrehabilitation of Jharia coalfield in Jharkhand.**

4. കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, മേപ്പാടി-ചൂരൽമല മേഖലയിൽ മണ്ണിടിച്ചിൽ. മലയോര മേഖലയിൽ കനത്ത ജാഗ്രത.

   **The Indian Meteorological Department has predicted possibility of very heavy rainfall in Kerala. Landslides in Wayanad, Meppadi-Churalmala region. High alert in the hilly areas.**

5. 2026 മുതൽ സിബിഎസ്ഇ പത്താം ക്ലാസ് വാർഷിക പരീക്ഷ രണ്ട് ഘട്ടമായി നടത്തും. ആദ്യ പരീക്ഷ ഫെബ്രുവരിയിലും രണ്ടാമത്തേത് മേയിലും.

**CBSE approves twice-a-year Board exams for Class 10 from 2026. The first exam will be held in February and the second in May.**

✿✿✿✿✿✿✿✿✿✿✿✿✿✿

## AXIOM-04 (INTRO))

ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കെത്തിക്കുന്ന ആക്സിയം-4 ദൗത്യത്തിൻറെ ആദ്യ ഘട്ടം വിജയം. ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെൻററിൽ നിന്ന് ഇന്ത്യൻ സമയം ഉച്ചയ്ക്ക് 12.01 നായിരുന്നു വിക്ഷേപണം. നാളെ വൈകുന്നേരം ആക്സിയം-4 അന്താരാഷ്ട്ര ബഹിരാകാശ നിലയവുമായി ഡോക്ക് ചെയ്യുമെന്ന് ISRO വ്യക്തമാക്കി. ബഹിരാകാശ യാത്രയുടെ ഭാഗമായ ശുഭഭാൻശു ശുക്ല ഉൾപ്പെടെയുള്ള യാത്രികർക്ക് രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ വിജയാശംസ കൾ നേർന്നു. രാകേഷ് ശർമയ്ക്ക് ശേഷം ഇതാദ്യമായാണ് നാല് പതിറ്റാണ്ടു കൾക്കിപ്പുറം ഒരു ഇന്ത്യക്കാരൻ ബഹിരാകാശത്തേക്ക് കുതിക്കുന്നത്. അതേസമയം യാത്ര വളരെ അദ്ഭുതകരമായ അനുഭവമാണ് നൽകുന്ന തെന്ന് ബഹിരാകാശത്തു നിന്നും നൽകിയ സന്ദേശത്തിൽ ശുഭാൻശു ശുക്ല പറഞ്ഞു.

(ഹോൾഡ് വോയ്സ്)

നാസ, ആക്സിയം സ്പേസ്, സ്പേസ് എക്സ് എന്നിവയുടെ 14 ദിവസത്തെ സംയുക്ത ബഹിരാകാശ ദൗത്യമാണ് ആക്സിയം-4.

✿✿✿✿✿✿✿✿✿✿✿✿✿✿

## SAMVIDHAN HATYA DIVAS

രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ട് ഇന്നേക്ക് അരനൂറ്റാണ്ട്. ഭരണഘടനാ മൂല്യങ്ങൾ അട്ടിമറിക്കപ്പെട്ടതിൻറെ ഓർമപ്പെടുത്തലായി രാജ്യം ഈ ദിവസം സംവിധാൻ ഹത്യ ദിവസ് ആയി ആചരിക്കുക യാണ്. അടിയന്തരാവസ്ഥ കാലത്ത് കടുത്ത പീഡനങ്ങൾ നേരിടേണ്ടി വന്നവർക്കുള്ള ആദരവായാണ് ദിനാചരണം. 1975 ജൂൺ 25 നാണ്

ആഭ്യന്തര പ്രശ്നങ്ങൾ രാജ്യത്തിന് ഭീഷണിയുയർത്തുന്നതായി ചൂണ്ടിക്കാട്ടി രാഷ്ട്രപതിയായിരുന്ന ഫക്രുദ്ദീൻ അലി അഹമ്മദ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിക്ക് തിരഞ്ഞെടുപ്പ് കേസിൽ കോടതിയിൽ നിന്ന് തിരിച്ചടി ഉണ്ടായതിന് പിന്നാലെയായിരുന്നു ഈ നടപടി.

✡✡✡✡✡✡✡✡✡✡✡✡✡✡

## PM - EMERGENCY BOOK

അടിയന്തരാവസ്ഥയ്ക്കെതിരെ പോരാടിയവരെ അഭിവാദ്യം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്ന നിരവധിപ്പേർ ഇന്ത്യൻ ജനാധിപത്യത്തെ സംരക്ഷിക്കുന്നതിനായി അടിയന്തരാവസ്ഥയ്ക്കെതിരെ ഒരുമിച്ച് പോരാടിയതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## AMITSHAH

വീണ്ടുമൊരു അടിയന്തരാവസ്ഥ ആവർത്തിക്കാതിരിക്കാൻ ആ കാലഘട്ടത്തിൻറെ ഓർമ്മകൾ സജീവമായി നിലനിർത്തണമെന്ന് ജനങ്ങളോട് ആഹ്വാനം ചെയ്ത് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. അടിയന്തരാവസ്ഥയ്ക്കെതിരെയുള്ള പോരാട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പങ്കിനെക്കുറിച്ചുള്ള 'The Emergency Diaries-Years that forged a leader' എന്ന പുസ്തകം പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. അടിയന്തരാവസ്ഥക്കാലത്ത് ജനങ്ങൾ നേരിട്ട അതിക്രമങ്ങൾ അദ്ദേഹം സ്മരിച്ചു. ജനാധിപത്യ മൂല്യങ്ങളെ സംരക്ഷിക്കുന്നതിനായി ശ്രീ മോദി നടത്തിയ പ്രവർത്തനങ്ങളാണ് പ്രധാനമന്ത്രിയുടെ പുസ്തകത്തിൽ പ്രതിപാദിക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡✡

## CABINET-BRIEFING (INTRO)

പൂനെ മെട്രോ റെയിൽ പദ്ധതി രണ്ടാം ഘട്ട വികസനത്തിനൊരുങ്ങി കേന്ദ്രസർക്കാർ. 3,626 കോടി രൂപ ചെലവിൽ പദ്ധതി നടപ്പാക്കാൻ ഇന്ന് നടന്ന കേന്ദ്രമന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചതായി കേന്ദ്രമന്ത്രി

അശ്വിനി വൈഷ്ണവ് അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വ ത്തിൽ ചേർന്ന കേന്ദ്രമന്ത്രിസഭായോഗത്തിൻറെ തീരുമാനങ്ങൾ മാധ്യമ ങ്ങളോട് വിവരിക്കുകയായിരുന്നു അദ്ദേഹം. 13 സ്റ്റേഷനുകളുള്ള പുതിയ മെട്രോലൈനായി 12.75 കിലോമീറ്റർ കൂടി കൂട്ടിച്ചേർക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിന് പുറമെ, ജാർഖണ്ഡിലെ ഝരിയ കൽക്കരിപ്പാടത്തിൻറെ പുനരുദ്ധാരണത്തിനായുള്ള പുതുക്കിയ മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയതായും ശ്രീ വൈഷ്ണവ് പറഞ്ഞു. ഉത്തർപ്രദേശിലെ ആഗ്രയിൽ ഇൻറർനാഷണൽ പൊട്ടറ്റോ സെൻറർ സൗത്ത് ഏഷ്യ റീജിയണൽ സെൻറർ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിച്ചതായും അദ്ദേഹം അറിയിച്ചു. രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന്റെ 50 വർഷങ്ങൾ ആചരിക്കുന്നത് സംബന്ധിച്ച പ്രമേയം യോഗം പാസാക്കി.

(ഹോൾഡ്)
ബഹിരാകാശ ദൗത്യമായ ആക്സിയം-4 മിഷൻറെ വിജയകരമായ വിക്ഷേപണം സംബന്ധിച്ച് കേന്ദ്രമന്ത്രിസഭായോഗത്തിൽ പ്രമേയം പാസാക്കിയതായും മന്ത്രി അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## STATE CABINET

സെക്രട്ടറിയേറ്റിലെയും വകുപ്പ് അധ്യക്ഷൻമാരുടെ കാര്യാലയങ്ങളി ലെയും, മേയ് 31 വരെയുള്ള കുടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നതിന് അടുത്തമാസം ഒന്ന് മുതൽ ആഗസ്റ്റ് 31 വരെ ഫയൽ അദാലത്തുകൾ സംഘടിപ്പിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനം. സംസ്ഥാനത്തെ ജലവിഭവ പരിപാലനം കൂടുതൽ കാര്യക്ഷമമാക്കാൻ ലക്ഷ്യമിട്ട് കേരള നദീതട സംരക്ഷണ മാനേജ്മെൻറ് ചട്ടക്കൂടിനും മന്ത്രിസഭ അംഗീകാരം നൽകി. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് പുന്നപ്പുഴയിൽ അടിഞ്ഞു കൂടിയ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനായുള്ള 195 കോടി രൂപയുടെ പ്രവൃത്തികൾക്കും മന്ത്രിസഭായോഗം അനുമതി നൽകി.

✡✡✡✡✡✡✡✡✡✡✡✡✡✡

## WEATHER

ചക്രവാത ചുഴിയുടെ സ്വാധീനത്താൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഇന്നും നാളെയും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. ഇടുക്കി, വയനാട്, മലപ്പുറം ജില്ലകളിൽ നാളെയും ഓറഞ്ച് ജാഗ്രത തുടരും. ഇടുക്കി ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യ ത്തൊഴിലാളികൾ കടലിൽ പോകരുതെന്നാണ് നിർദ്ദേശം. സംസ്ഥാനത്ത് ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കണ്ണൂർ, കാസർഗോഡ് തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ പ്രത്യേക ജാഗ്രത പാലിക്കണം. പല നദികളിലും ജലനിരപ്പ് അപകടകരമായി ഉയരുന്ന സാഹചര്യത്തിൽ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡

## WAYANAD

വയനാട്ടിൽ ശക്തമായ മഴ തുടരുകയാണ്. മലയോര മേഖലയിലെ ജനങ്ങൾക്ക് പ്രത്യേക ജാഗ്രതാ നിർദ്ദേശം നൽകി. മേപ്പാടി-ചൂരൽമല മേഖലയിൽ കഴിഞ്ഞ വർഷം ഉരുൾപൊട്ടലുണ്ടായിടത്തെ മണ്ണിടിച്ചിലും, പുന്നപ്പുഴയിലെ ശക്തമായ നീരൊഴുക്കും പ്രദേശവാസികളെ ആശങ്കയിലാക്കി.

✡✡✡✡✡✡✡✡✡✡✡✡✡✡

## K.RAJAN (INTRO)

വയനാട്ടിൽ വലിയ തോതിൽ മഴ പെയ്തിട്ടുണ്ടെങ്കിലും ഉരുൾപൊട്ടൽ ഉണ്ടായിട്ടില്ലെന്ന് റവന്യൂ മന്ത്രി കെ രാജൻ. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും എന്നാൽ ജാഗ്രത പാലിക്കാൻ നിർദേശം നൽകിയതായും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

## CBSE

2026 മുതൽ സിബിഎസ്ഇ പത്താം ക്ലാസ് വാർഷിക പരീക്ഷ രണ്ട് ഘട്ട മായി നടത്താൻ തീരുമാനം. ആദ്യ പരീക്ഷ ഫെബ്രുവരിയിലും രണ്ടാം പരീക്ഷ മേയിലും ആയിരിക്കും നടത്തുക. മൂന്ന് വിഷയങ്ങളിൽ വരെ മാർക്ക് മെച്ചപ്പെടുത്താൻ വിദ്യാർഥികൾക്ക് മേയിൽ നടക്കുന്ന രണ്ടാംഘട്ട പരീക്ഷയെഴുതാം. ആദ്യഘട്ട പരീക്ഷ എല്ലാ വിദ്യാർഥികളും നിർബന്ധ മായും എഴുതണം.ആദ്യ പരീക്ഷയുടെ ഫലം ഏപ്രിലിലും രണ്ടാമത്തെ പരീക്ഷാഫലം ജൂണിലും പ്രസിദ്ധീകരിക്കും.

## OP SINDHU ISRAEL

ഓപ്പറേഷൻ സിന്ധുവിൻറെ ഭാഗമായി 818 ഇന്ത്യക്കാർ ഇസ്രയേലിൽ നിന്നും മടങ്ങിയെത്തി. വ്യോമസേനയുടെ വിമാനത്തിൽ ഇന്ന് രാവിലെ എത്തിയ 224 ഇന്ത്യക്കാരെ കേന്ദ്ര സഹമന്ത്രി ശോഭാ കരന്തലാജേ സ്വീകരിച്ചു. ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമാണ് സർക്കാർ പരിഗണന നൽകുന്നതെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. അതേസമയം ദൗത്യത്തിൻറെ ഭാഗമായി ഇസ്രായേലിൽ നിന്ന് 36 മലയാളികൾ കൂടി ഡൽഹിയിൽ മടങ്ങിയെത്തി.

## IRAN-IAEA

അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുമായുള്ള സഹകരണം നിർത്തിവയ്ക്കുന്ന ബില്ലിന് ഇറാൻ പാർലമെന്റ് അംഗീകാരം നൽകി. ഇറാനിലെ മൂന്ന് ആണവ കേന്ദ്രങ്ങളിൽ യുഎസ് നടത്തിയ ആക്രമണങ്ങളെത്തുടർന്നാണ് തീരുമാനം. രാജ്യത്തിന്റെ പരമാധികാരവും താൽപ്പര്യങ്ങളും സംരക്ഷിക്കാൻ തങ്ങൾക്ക് എല്ലാ അവകാശവുമുണ്ടെന്ന് ഇറാൻ അറിയിച്ചു.

## IRAN- SPYING

ഇസ്രയേലിൻറെ രഹസ്യാന്വേഷണ ഏജൻസിയായ മൊസാദിനായി ചാരവൃത്തി നടത്തിയെന്നാരോപിച്ച് മൂന്ന് പേരെ ഇറാൻ തൂക്കിലേറ്റി. തുർക്കി അതിർത്തിക്ക് സമീപം ഉർമിയയിലാണ് വധശിക്ഷ നടപ്പാക്കിയത്. ഇസ്രായേലുമായി ബന്ധമുണ്ടെന്ന് ആരോപിച്ച് ഇറാൻ 700 ഓളം പേരെ അറസ്റ്റ് ചെയ്തിരുന്നു.

## ISRAEL-SOLDIERS KILLED

വടക്കൻ ഗാസയിൽ ഇസ്രയേലി സൈനിക വാഹനം പൊട്ടിത്തെറിച്ച് ഏഴ് സൈനികർ കൊല്ലപ്പെട്ടു. കഴിഞ്ഞ ദിവസം ഖാൻ യൂനിസിലായിരുന്നു സംഭവം. സൈനികർ സഞ്ചരിച്ചിരുന്ന കവചിത വാഹനത്തിന് നേരെയാണ് ആക്രമണമുണ്ടായതെന്ന് ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു. ഇന്നലെ നടന്ന മറ്റൊരു ആക്രമണത്തിൽ ഒരു ഇസ്രായേൽ സൈനികന് ഗുരുതരമായി പരിക്കേറ്റിരുന്നു.